**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4318** **18-03-2025 - ൽ മറുപടിയ്ക്ക്**

**നവ സംരംഭകരെ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നവ സംരംഭകരെ സൃഷ്ടിക്കുന്നതിന് സർക്കാർ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; അതിൽ പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | നവ സംരംഭകരെ സൃഷ്ടിക്കുന്നതിന് സർക്കാർ വിദ്യാഭ്യാസ മേഖലയിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുട നീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന അനുയോജ്യമായ ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെട്ടു ത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 16/2024/ തീയതി 29/2/24/വ്യവ പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ളവയ്ക്ക് മുൻഗണന ഉണ്ടാകും. വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് apprenticeship/internship-നുള്ള അവസരം നൽകി അവർക്ക് വ്യക്തിപരമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടുന്നുണ്ട്.<br>സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (സ്കൂളുകൾ, കോളേജുകൾ, സാങ്കേതിക സ്ഥാപനങ്ങൾ) വിദ്യാർത്ഥികളിൽ സംരംഭകത്വ |

| | | | |
|---|---|---|---|
| | | | സംസ്കാരം വളർത്തുക, സംരംഭക സൃഷ്ടിയിൽ സംഭാവന നൽകുന്നതിനുള്ള നൈപുണ്യം, സാങ്കേതികവിദ്യകൾ, ആത്മവിശ്വാസം തുടങ്ങിയവ ഉറപ്പുവരുത്തുക തുടങ്ങിയ ഉദ്ദേശത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംരംഭകത്വ വികസന ക്ലബ് (ഇഡി ക്ലബ്). സംരംഭകരെന്ന നിലയിൽ നേരിട്ട് അല്ലെങ്കിൽ പരോക്ഷമായി അവരെ സജ്ജരാക്കുക എന്നതാണ് സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നത്. സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴി നല്കുകയും ചെയ്തു വരുന്നു.<br><br>സംരംഭകത്വ വികസന ക്ലബ് (ഇഡി ക്ലബ്) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനായി ക്ലബ്ബുകളെ ഹൈസ്കൂൾ, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ബിഗിനർ തലത്തിലും, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളി ടെക്നിക്കുകൾ, ഐ ടി ഐ എന്നിവ ഇന്റർമീഡിയറ്റ് തലത്തിലും ആർട്സ്&സയൻസ്, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് കോളേജുകൾ അഡ്വാൻസ്ഡ് തലത്തിലും ഉൾപ്പെടുത്തി ബിഗിനർ, ഇന്റർമീഡിയറ്റ്, അഡ്വാൻസ്ഡ് എന്നിങ്ങനെ മൂന്ന് തലങ്ങളിലായി തരംതിരിച്ചുള്ള പ്രവർത്തനങ്ങൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ